GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/10/2026

1. കർഷകർക്കും കാർഷിക സംരംഭങ്ങൾക്കും കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പപദ്ധതിയിലേക്ക് 2027 മാർച്ച് 31 വരെ അപേക്ഷിക്കാം. രണ്ടു കോടി രൂപവരെയുള്ള വായ്പകൾ പരമാവധി ഏഴു വർഷ കാലയളവിലേക്ക് ആറുശതമാനം പലിശ നിരക്കിൽ ലഭ്യമാകും. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവൽക്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ കാർഷിക

ലോജിസ്റ്റിക്സ് തുടങ്ങിയ പദ്ധതികൾക്ക് ധനസ ഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.agriinfra.dac.gov.in. എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8921540233 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **"വാഴ നടും കാലമായി 2026"** എന്ന പരിപാടിയുടെ ഭാഗമായി പ്രദർശന വില്പന മേള ഒക്ടോബർ 8, 9 (വ്യാഴം, വെള്ളി) തീയതികളിൽ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രാവിലെ 10 മുതൽ വൈകിട്ട് 4:30 വരെ മേള സംഘടിപ്പിച്ചിരിക്കുന്നത്. മേളയിൽ വാഴക്കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള നല്ലയിനം വാഴത്തൈകൾ, ജീവാണുവളങ്ങൾ, ജൈവ കീട-രോഗ നിയന്ത്രണോപാധികൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വിവിധ ഉത്പന്നങ്ങൾ/ നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യത അറിയുവാനുമായി 0487-2699087/ 9778760551 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ / കേന്ദ്രങ്ങളിൽ ആർ എഫ് രീതിയിൽ നടത്തപ്പെടുന്ന യു.ജി. പ്രോഗ്രാമുകളുടെ NRI ക്വാട്ട സീറ്റുകളിലേക്ക്

അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 31.10.2026 വരെ നീട്ടിയിരിക്കുന്നു.

1. ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചര് -4 സീറ്റ്
2. ബി.എസ്.സി.(ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ-4 സീറ്റ്
3. ബി.ടെക് അഗ്രിക്കൾച്ചറല് എഞ്ചിനീറിംഗ്-5 സീറ്റ്

യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ) ബന്ധപ്പെടാവുന്നതാണ്.

4. കെ- അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ-അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ

500 രൂപയടച്ച് ഒക്ടോബർ 21 നു മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 14 മുതൽ 16 വരെ **'സൂക്ഷ്മ ജലസേചനവും ലാൻഡ് സ്കേപ്പിങ്ങും'** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഒക്ടോബർ 12 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

6. 2026 –ൽ റബർത്തോട്ടങ്ങളിൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതുനുള്ള ധനസഹായത്തിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അപേക്ഷിക്കാം. പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും ഉള്ളവർക്ക് മാത്രമേ സ്പ്രേയിങ് നടത്തിയതിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. റബ്ബർബോർഡ് വെബ് സൈറ്റിലുള്ള 'സർവ്വീസ്പ്ലസ്' പോർട്ടൽ വഴി ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോർഡ് ചെയ്യേണ്ടതാണ്. ഹെക്ടർ ന് പരാമാവധി

4000 രൂപാ വീതമാണ് ധനസഹായം. വിശദവിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ, റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ വഴിയോ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന 0481-2576622 എന്ന കോൾസെന്റർ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.